ശ്രീ. ഇ.ജെ. ലൂക്കോസ് : ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനു ശേഷം കായിക അദ്ധ്യാപകർക്ക് കിറ്റ് അലവൻസ് അനുവദിച്ചിട്ടുണ്ട്, അതനുസരിച്ച് കായിക പരിശീലനത്തിന് അഭിവൃദ്ധിയുണ്ടായിട്ടുണ്ടോ ; എന്താണ് ഗവൺമെന്റിന്റെ അഭിപ്രായം ?

ശ്രീ. ടി. എം. ജേക്കബ് : കിറ്റലവൻസ് ഇനത്തിൽ ഈ വർഷം ഇരുപത് ലക്ഷം രൂപ ഗവൺമെന്റ് ചെലവഴിക്കുന്നുണ്ട്. അങ്ങനെ ഒരു ഇൻസെന്റീവ് കായിക പരിശീലന അദ്ധ്യാപകർക്ക് നൽകിയതുകൊണ്ട് കുറെക്കൂടി മെച്ചപ്പെട്ട നിലയിൽ പ്രവർത്തനങ്ങൾ നടന്നു എന്നാണ് ഗവൺമെന്റ് മനസ്സിലാക്കുന്നത്.

ശ്രീ. ടി. പി. പീതാംബരൻ മാസ്റ്റർ : കേന്ദ്ര ഗവൺമെന്റ് കുറെ സാമ്പത്തിക സഹായം നൽകുന്നുണ്ട് എന്ന് അദ്ദേഹം പറഞ്ഞു. മാങ്കായി ഗവൺമെന്റ് ഹൈസ്ക്കൂളിൽ കളിസ്ഥലം അക്വയർ ചെയ്തിട്ട് വർഷങ്ങളായി. അവിടെ ഒരു കളിസ്ഥലം വേണമെന്ന് ഞാൻ തന്നെ മന്ത്രിയോട് അഭ്യർത്ഥിച്ചിട്ടുണ്ട്. ഈ പണത്തിൽനിന്ന് മാങ്കായി ഹൈസ്ക്കൂളിലെ കളിസ്ഥലം നന്നാക്കുന്നതിനുള്ള പണം ചെലവഴിക്കാൻ ദയവുണ്ടാകുമോ ?

ശ്രീ. ടി. എം. ജേക്കബ് : അദ്ദേഹം എന്റെ മറുപടി ശ്രദ്ധിച്ചിരുന്നില്ല. കേന്ദ്ര ഗവൺമെന്റ് പറഞ്ഞിരിക്കുന്നത് ഹില്ലി ഏരിയാസ്സിൽ ഇതു വേണമെന്നാണ്. മാങ്കായി സ്ക്കൂൾ ഹില്ലി ഏരിയായിലല്ല. സമനിരപ്പിൽപ്പെട്ട സ്ഥലമായതുകൊണ്ട് ആ പണം അവിടെ കൊടുക്കാൻ സാധിക്കുകയില്ല.

അംഗനവാടി സെന്ററുകൾക്ക് നൽകുന്ന ആനുകൂല്യങ്ങൾ

191 [211] ശ്രീ. വി. എസ്. ചന്ദ്രശേഖരൻ പിള്ള :
ശ്രീമതി കെ. ആർ. ഗൗരി :
ശ്രീ. ടി. കെ. അബ്ദു :
,, പി. സി. തോമസ് (കടുത്തുരുത്തി) :
,, സി. ടി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ വകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ അംഗനവാടി സെന്ററുകൾക്ക് എന്തൊക്കെ ആനുകൂല്യങ്ങളാണ് ഇപ്പോൾ സർക്കാർ നൽകിക്കൊണ്ടിരിക്കുന്നത് ;

(ബി) പ്രസ്തുത സെന്ററുകളിലെ ആഹാരക്രമം എന്താണ് ;

(സി) ഐ. സി. ഡി. എസ്. പ്രോജക്ടുകൾ മുഖേന വിതരണം ചെയ്യുന്ന ക്ഷേമസാധനങ്ങൾ വിതരണം ചെയ്യാതിരിക്കുകയോ, അളവിൽ കുറവ് വരുത്തുകയോ ചെയ്തിട്ടുണ്ടോ ?

സഹകരണ വകുപ്പുമന്ത്രി (ശ്രീമതി എം. കമലം) :

(എ) അംഗനവാടികൾക്ക് ആവശ്യമായ മേശ, കസേര, പാത്രങ്ങൾ, ബ്ലാക്ക് ബോർഡ് എന്നീ ഉപകരണങ്ങൾ സർക്കാർ തുടക്കത്തിൽ വാങ്ങി നൽകുന്നു. ഒരു വർഷം കേന്ദ്രമേഖലാപ്രോജക്ടിലുള്ള അംഗനവാടികൾക്ക് 300 രൂപവരെയും, സംസ്ഥാന മേഖലാ പ്രോജക്ടിലുള്ള അംഗനവാടികൾക്ക് 225 രൂപവരെയും വിലയ്ക്കുള്ള ഔഷധങ്ങളും അതോടനുബന്ധിച്ചുള്ള സാധനങ്ങളും വാങ്ങി വിതരണം ചെയ്യുന്നുണ്ട്. അംഗനവാടികളിൽ കൂടിയുള്ള ആരോഗ്യസേവനത്തിനാവശ്യമായ വിറ്റാമിൻ "എ" ടാബ്ലറ്റുകൾ, ഫോളിക്

LIBRARY ARCHIVES Kerala Legislative Assembly

ആസിഡ്, വക്സിനുകൾ എന്നിവയും ലഭ്യമാക്കിവരുന്നു. പ്രതിവർഷം കേന്ദ്ര മേഖലയിലുള്ള അംഗനവാടിയൊന്നിന് 180 രൂപയ്ക്കും സംസ്ഥാന മേഖലാ പ്രോജക്ടിലെ അംഗനവാടികൾക്ക് 150 രൂപയ്ക്കും കളിക്കോപ്പുകൾ, രജിസ്റ്ററുകൾ, നോട്ടുബുക്കുകൾ, പഠനോപാദികൾ, ഉണ്ടാക്കുന്നതിനുള്ള സാധനങ്ങൾ എന്നിവയും വാങ്ങി നൽകുന്നു. എല്ലാ അംഗനവാടി വർക്കർമാരുടെയും ഹെൽപ്പർമാരുടെയും ഓണറേറിയം സർക്കാരാണ് നൽകുന്നത്. കേന്ദ്ര മേഖലയിലുള്ള അർബൻ പ്രോജക്ടുകളിലെ അംഗനവാടികൾക്ക് 120 രൂപയും റൂറൽ പ്രോജക്ടുകളിലെ അംഗനവാടികൾക്ക് 25 രൂപയും വാടകയും നൽകിവരുന്നു. സംസ്ഥാന മേഖലയിലെ അർബൻ പ്രോജക്ടിലെ അംഗനവാടികൾക്ക് 10) രൂപയും പ്രതിമാസം വാടക നൽകുന്നു.

(ബി) അംഗനവാടികളിൽ ദിവസം രണ്ട് പ്രാവശ്യം പോഷകാഹാരം നൽകുന്നു. അനുപമാരിക പ്രൈമറി വിദ്യാഭ്യാസത്തിന് ചേർന്നിട്ടുള്ള കുട്ടികൾക്ക് ഉച്ചയ്ക്ക് കഞ്ഞിയും പയറും കൊടുക്കുകയും. ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കും 6 വയസുവരെ പ്രായമുള്ള കുട്ടികൾക്കും കെയർ, ഡബ്ല്യു. എഫ്. പി. എന്നീ സംഘടനകളിൽനിന്നും ലഭിക്കുന്ന ഭക്ഷണപദാർത്ഥങ്ങൾ ഉപയോഗിച്ച് വൈകിട്ട് ഉപ്പുമാവുണ്ടാക്കി കൊടുക്കുകയാണ് ചെയ്യുന്നത്.

(സി) ക്ഷേണസാധനങ്ങൾ പ്രോജക്ടുകളിൽ എത്തിക്കുന്നതിന് ഏർപ്പെടുത്തിയിട്ടുള്ള കോൺട്രാക്ടർമാരുടെ വീഴ്ചകൊണ്ട് അംഗനവാടികളിൽ ക്ഷേണവിതരണം മുടങ്ങിയിട്ടുള്ള ഒറ്റപ്പെട്ട സംഭവങ്ങളുണ്ടായിട്ടുണ്ട്. ആലപ്പുഴ ജില്ലയിൽ പട്ടണക്കാട് ബ്ലോക്കിൽ കോൺട്രാക്ടർ വിതരണം ചെയ്ത ക്ഷേണ പദാർത്ഥങ്ങളുടെ അളവിൽ കുറവുണ്ടായിട്ടുണ്ട്.

ശ്രീമതി കെ. ആർ. ഗൗരി : പട്ടണക്കാട് ബ്ലോക്കിൽ പല പഞ്ചായത്തുകളിലും 3 മാസമായിട്ട് ക്ഷേണം കൊടുക്കാതിരിക്കുകയാണെന്ന് ബഹുമാനപ്പെട്ട മന്ത്രിക്ക് അറിയാമോ ? വൈറമിൻ എ കൊടുക്കുവെന്നു പറഞ്ഞു. വൈറമിൻ എ കൊടുത്തുകൂടായെന്നു പറഞ്ഞുകൊണ്ട് ഗവൺമെന്റിൽനിന്നും സർക്കുലർ വന്നതായി ബ്ലോക്കുകാർ പറയുന്നു. അത് അവിടെ കൊടുക്കുന്നില്ല. അതിനെപ്പറ്റി അന്വേഷിക്കാമോ ?

ശ്രീമതി എം. കമലം : സർ, പട്ടണക്കാട് ബ്ലോക്കിൽ ക്ഷേണവിതരണം നടത്തിക്കൊണ്ടിരുന്നത് കേരളാസ്റ്റേറ്റർ നടത്തുന്ന ആളുകളായിരുന്നു. ആ കോൺട്രാക്ടർമാർ വെയർഹൗസിംഗ് കോർപ്പറേഷന്റെ ഗോഡൗണിലാണ് ക്ഷേണസാധനങ്ങൾ സൂക്ഷിച്ചിരുന്നത്. അവിടെ ക്ഷേണം കൊടുത്തതിൽ കുറവുണ്ടെന്ന് വെയർഹൗസിംഗ് കോർപ്പറേഷൻ ഉദ്യോഗസ്ഥർ റിപ്പോർട്ടു ചെയ്യുകയും പട്ടണക്കാട് ഡി. പി. ഒ. അതു ശരിയാണെന്നു മനസിലാക്കുകയും ചെയ്തു. ആ കോൺട്രാക്ടറെ സസ്പെൻഡ് ചെയ്തു. അയാളുടെ പേരിൽ നടപടിയെടുക്കുന്നതിന് സാമൂഹ്യക്ഷേമഡയറക്ടർ നടപടി സ്വീകരിച്ചുവരികയാണ്. അയാളുടെ കോൺട്രാക്ട് നിറുത്തി. അതിനുള്ള എല്ലാ നടപടികളും ശക്തിയായി സ്വീകരിച്ചുവരികയാണ്. വൈറമിൻ എ കൊടുക്കരുതെന്ന് നിർദ്ദേശം പോയിട്ടുണ്ടെന്നു പറഞ്ഞു, അതെപ്പറ്റി ഞാൻ ഗൗരവമായി അന്വേഷിച്ച് ബഹുമാനപ്പെട്ട ഗൗരിയമ്മക്ക് മറുപടി തരുന്നതാണ്.

ശ്രീമതി കെ. ആർ. ഗൗരി : സർ, ഞാൻ ചോദിച്ചതിന് ഉത്തരം പറഞ്ഞില്ല. ഈ ഐ.സി.ഡി.എസ്. ബ്ലോക്കുകൾ നമ്മൾ നടത്തുന്നതു തന്നെ

LIBRARY ARCHIVES Kerala Legislative Assembly

കുട്ടികളുടെ ആഹാരക്രമവും ആരോഗ്യ സംരക്ഷണവും നിലനിറുത്തുന്നതിനുവേണ്ടിയാണ്. 3 മാസമായി ഈ പ്രോജക്ടിൽ ആഹാരം കിട്ടുന്നില്ല പല പഞ്ചായത്തുകളിലും. ആഹാരം കിട്ടുന്നില്ല. മുൻപ് ഈ ആഹാരം കൊടുക്കുന്നതിനുവേണ്ടി അരി വാങ്ങുന്നതിന് റേഷൻ കടകളുമായി അഫിലിയേറ്റ് ചെയ്തു നടത്തുന്നതിന് ഒരു സ്കീമുണ്ടായിരുന്നു. അതു റദ്ദ് ചെയ്തു പുതുതായി കോർപ്പറേഷൻ കൊടുക്കുകയാണ് ഉണ്ടായത്.

ശ്രീമതി എം. കമലം : ബഹുമാനപ്പെട്ട ഗൗരിയമ്മ എന്റെ ശ്രദ്ധയിൽപ്പെടുത്തിയശേഷം ഞാൻ അതിനെപ്പറ്റി അന്വേഷിച്ചു. അങ്ങനെ കൊടുക്കാതായിട്ട് 3 മാസമായിട്ടില്ല എന്നാണ് ഉദ്യോഗസ്ഥൻമാരിൽ നിന്നും റിപ്പോർട്ട് കിട്ടിയത്. ഏതാനും ദിവസങ്ങളിൽ മാത്രമാണ് കൊടുക്കാതിരുന്നത്. അങ്ങനെയാണ് എനിക്ക് കിട്ടിയ വിവരം. അതു സംബന്ധിച്ച് ഞാൻ ശക്തിയായ നടപടിയെടുക്കും. മറ്റൊന്ന് റേഷൻ കടകളെ മുഖേനയാണ് കൊടുത്തിരുന്നത് എന്നുള്ളതു ശരിയാണ്. സിവിൽ സപ്ലൈസ് കോർപ്പറേഷനിൽനിന്നും ആ നടപടി നിറുത്തി. ഈ കുട്ടികൾക്ക് അവരുടെ വീട്ടിൽ റേഷൻ കൊടുക്കുന്നുണ്ടെന്നാണ് അവർ പറഞ്ഞത്. അതുകൊണ്ട് സെൻറർ മുഖേനയുള്ള റേഷൻ അരി വിതരണം അവർ നിറുത്തി. അതു ബഹുമാനപ്പെട്ട സിവിൽസപ്ലൈസ് മന്ത്രിയും ഞാനുമായി ചർച്ച ചെയ്തു. ഗൗരവമായി ഈ പ്രശ്നം ഞാൻ ക്യാബിനറ്റിൽ ഉന്നയിച്ചു. വീണ്ടും അതിനുള്ള ഓർഡറിട്ടിട്ടുണ്ട്. അതു ഉടനെ നടപ്പിൽ വരുന്നതാണ്.

ശ്രീ. ടി. കെ. അബ്ദു : ഈ അംഗനവാടിയും ബാലവാടിയും തമ്മിൽ സംയോജിപ്പിച്ച് അതിന്റെ പ്രവർത്തനം ആരംഭിച്ചശേഷം പറവൂർ ബ്ലോക്കിന്റെ അതിർത്തിയിൽ ഒരു സ്ഥലത്തും ഉച്ചക്ക് കഞ്ഞിയും ചെറുപയറും കൊടുക്കുന്ന സമ്പ്രദായമില്ല. അതു സംബന്ധിച്ച് അന്വേഷിക്കാൻ മന്ത്രി തയ്യാറാകുമോ ?

ശ്രീമതി എം. കമലം : അംഗനവാടിയും ബാലവാടിയും സംയോജിപ്പിച്ചുകൊണ്ട് ഭക്ഷണം കൊടുക്കാനുള്ള ഏർപ്പാടുകൾ തുടങ്ങിവരികയാണ്. അവിടെ കൊടുത്തിട്ടില്ലെന്ന് ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞിട്ടാണ് ഞാൻ അറിഞ്ഞത്. അതിന് ഉടൻ നടപടി എടുക്കുന്നതാണ്.

ശ്രീ. ടി. കെ. അബ്ദു : ഇവിടെ കൊടുക്കുന്ന ഭക്ഷണത്തെ സംബന്ധിച്ചിടത്തോളം അതു പരിശോധിക്കുന്നതിന് ഉദ്യോഗസ്ഥൻമാർ ആ പ്രദേശത്ത് വരാറില്ല. മാസത്തിലൊരിക്കൽ എങ്കിലും അവർ വന്ന് പരിശോധിക്കണമെന്നുള്ള നിർദ്ദേശം കൊടുക്കാൻ തയ്യാറാകുമോ ?

ശ്രീമതി എം. കമലം : ഓരോ ഐ. സി. ഡി. എസ്. ബ്ലോക്കിലും 5 സൂപ്പർവൈസർമാരുണ്ട്. സി. ഡി. പി. ഒ. ഉണ്ട്. അവർ ഇതൊക്കെ പരിശോധിക്കാനും വേണ്ട നടപടിയെടുക്കാനും ചുമതലപ്പെട്ട ആളുകളാണ് അത് അവരുടെ കടമയാണ്. അതു അവർ ചെയ്യുന്നില്ലെങ്കിൽ ഗവൺമെൻറ് നേരിട്ട് അന്വേഷിക്കും.

ശ്രീ. പി. സി. തോമസ് (കടുത്തുരുത്തി) : നമ്മുടെ സംസ്ഥാനത്ത് എത്ര ബ്ലോക്കുകളിൽ ഈ ഐ. സി. ഡി. എസ്. പ്രോജക്ട് നിലവിലുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി എം. കമലം : ഇന്ന് 67 ഐ. സി. ഡി. എസ്. ബ്ലോക്കുകളും നിലവിലുണ്ട്. ഇനിയും അടുത്തവർഷത്തേക്ക് 5 പ്രോജക്ടുകളും കൂടി ലഭിച്ചിട്ടുണ്ട്.

ശ്രീ. പി. സി. തോമസ് കടുത്തുരുത്തി : ഈ പ്രോജക്ടുകളും അനുവദിക്കുന്നത് സംസ്ഥാന ഗവൺമെന്റാണോ, കേന്ദ്ര ഗവൺമെന്റാണോ ?

ശ്രീമതി എം. കമലം : ഇതു സംബന്ധിച്ച ഒരു ലിസ്റ്റ് സംസ്ഥാന ഗവൺമെന്റ് കേന്ദ്രഗവൺമെന്റിന് അയച്ചുകൊടുക്കും. അതു പരിശോധിച്ചശേഷം അവിടെയുള്ള സംവിധാനങ്ങളനുസരിച്ച് അതിൽ നിന്നും തെരഞ്ഞെടുക്കപ്പെടും.

ശ്രീ. സി. റ്റി. കൃഷ്ണൻ : ബാലവാടികളും അംഗനവാടികളും സംയോജിപ്പിച്ചുവെന്നാണ് പറയുന്നത്. പക്ഷേ പല ബാലവാടികളും പ്രത്യേകിച്ച് ഹരിജൻ ബാലവാടികളും അതായിത്തന്നെ നിലനിൽക്കുകയാണ്. അതൊന്നും സംയോജിപ്പിച്ചിട്ടില്ല. അപ്പോൾ എല്ലാ ബാലവാടികളും അംഗനവാടികളുമായി സംയോജിപ്പിക്കുന്നതിനു നടപടി എടുക്കുമോ ?

ശ്രീമതി എം. കമലം : സർ, 909 ബാലവാടികളും ഇതിനോടകം അംഗനവാടികളായി മാറിയിട്ടുണ്ട്. ക്യാബിനറ്റ് തീരുമാനമെടുത്തത് 186 ഹരിജൻ ബാലവാടികളും ട്രൈബൽ ബാലവാടികളും അംഗനവാടികളായി മാറ്റുന്നതിനാണ്. അതിനുള്ള നടപടികളും നടന്നുവരികയാണ്. താമസംവിനാ പൂർത്തിയാകും.

ശ്രീ. സി. റ്റി. കൃഷ്ണൻ : അംഗനവാടികളിൽ പലതും ഇപ്പോൾ വീടുകളിലും താൽകാലിക ഷെഡ്ഡുകളിലുമാണ് പ്രവർത്തിക്കുന്നത്. പിഞ്ചു കുട്ടികളുടെ സുരക്ഷിതത്വം ആലോചിച്ച് നിശ്ചിത കാലയളവിനുള്ളിൽ എല്ലാ അംഗനവാടികളിലും പുതിയ കെട്ടിടം നിർമ്മിക്കുന്നതു സംബന്ധിച്ച് ഗവൺമെന്റ് നടപടിയെടുക്കുമോ ?

ശ്രീമതി എം. കമലം : ഇത് സംസ്ഥാന ഗവൺമെന്റും കേന്ദ്രഗവൺമെന്റും വളരെ കാര്യമായി ആലോചിച്ച് പല തവണ ചർച്ച നടത്തിയിട്ടുള്ള സംഗതിയാണ്. റൂറൽ ഡെവലപ്പുമെന്റ് ഡിപ്പാർട്ടുമെന്റുമായി ബന്ധപ്പെടുത്തി ഇതിനോടകം ഇവക്ക് സ്ഥിരമായ കെട്ടിടങ്ങളും ഉണ്ടാക്കുവാൻ നടപടി സ്വീകരിച്ചുവരികയാണ്.

ശ്രീ. കെ. പി രാമൻ : അംഗനവാടി ജീവനക്കാർക്ക് ഓണറേറിയം എന്ന നിലയിൽ കിട്ടുന്ന സംഖ്യ അവരുടെ സർവ്വീസ് പരിഗണിച്ചു കൊണ്ട് കുറച്ചെങ്കിലും വർദ്ധിപ്പിക്കുന്ന കാര്യത്തിൽ ഗവൺമെന്റ് ശ്രദ്ധിക്കുമോ ?

ശ്രീമതി എം. കമലം : കേന്ദ്രഗവൺമെന്റ് മേഖലയിലുള്ള അംഗനവാടികളിൽ 5 വർഷം തികഞ്ഞ എസ്. എസ്. എൽ. സി. പാസായവർക്കും അതുപോലെതന്നെ 10 വർഷം പൂർത്തിയാക്കിയവർക്കുമൊക്കെ കേന്ദ്രഗവൺമെന്റ് ഇപ്പോൾ സംഖ്യ വർദ്ധിപ്പിച്ചിട്ടുണ്ട്. നേരത്തെ അവർക്ക് 175 രൂപയാണ് കൊടുത്തിരുന്നത്. ഇപ്പോൾ 250 രൂപയാണ് കൊടുക്കുന്നത് 5 വർഷം പൂർത്തിയായവർക്ക് 300 രൂപയും 10 വർഷം പൂർത്തിയായവർക്ക് 325 രൂപയുമായി ഇപ്പോൾ സംഖ്യ ഉയർത്തിയിട്ടുണ്ട്. ഹെൽപ്പർമാർക്ക് 110 രൂപയായി വർദ്ധിപ്പിച്ചു. സംസ്ഥാനമേഖലയിൽ കൊടുക്കുന്നതിനും സംസ്ഥാന ഗവൺമെന്റ് നടപടിയെടുത്തുവരികയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. മുസ്സക്കുട്ടി : അംഗനവാടികൾക്ക് കെട്ടിടങ്ങൾ ഉണ്ടാക്കുന്നതിന് നാട്ടുകാർ മുൻകൈയെടുത്ത് സ്ഥലം കൊടുത്ത് കെട്ടിടങ്ങൾ പണിയാൻ തുടങ്ങുന്നിടത്ത് ഇപ്പോൾ വല്ല സഹായവും ഗവൺമെന്റിൽ നിന്നും കൊടുക്കുന്നുണ്ടോ ? അല്ലെങ്കിൽ ഇതുപോലെ ആർ. ഡി. പി ക്ക് കെട്ടിടമുണ്ടാക്കുന്നതിന് മുൻപ് അത്തരം കമ്മറ്റികൾക്ക് വല്ല ആശ്വാസ നടപടികളും നടപ്പിലാക്കാൻ കഴിയുമോ ?

ശ്രീമതി എം. കമലം : അംഗനവാടി ഒരു ജനകീയ പദ്ധതിയാണ്. അതാതു സ്ഥലത്ത് ജനകീയ കമ്മിറ്റികളുണ്ട്. ഓരോ അംഗനവാടിക്ക് ഓരോ കമ്മിറ്റികളുണ്ട്. അവരുടെകൂടി ചുമതലയാണ്, അവിടെയുള്ള അംഗനവാടിക്ക് കെട്ടിടമുണ്ടാക്കി കൊടുക്കുകയെന്നുള്ളത്. 60 ശതമാനത്തോളം അങ്ങനെ കൊടുത്തിട്ടുള്ള എത്രയോ കമ്മിറ്റികളുണ്ട്. അവർക്ക് ഗവൺമെന്റിൽ നിന്നും പ്രത്യേകമായി സഹായം കൊടുക്കുന്ന പദ്ധതിയില്ല. അതിനെപ്പറ്റി ആലോചിക്കാം.

ശ്രീ. വി. ദിനകരൻ : അംഗനവാടികളുടെ പ്രവർത്തനത്തിനായി കെട്ടിടം വാടകയ്ക്കെടുത്താൽ, വാടകയിനത്തിൽ വല്ല സഹായവുമുണ്ടോ ? അങ്ങനെയുണ്ടെങ്കിൽ അതു പഞ്ചായത്തു തലത്തിലും മുനിസിപ്പാലിറ്റി തലത്തിലും കൂടി ഏകീകരിച്ചു നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ ?

ശ്രീമതി എം. കമലം : സർ, അർബൻ ഏരിയായിലുള്ള അംഗനവാടികൾക്ക് സെൻട്രൽ ലവലിൽ 120 രൂപയും സ്റ്റേറ്റ് ലവലിൽ 100 രൂപയും കൊടുക്കുന്നുണ്ട്. പഞ്ചായത്ത് ലവലിലും മുനിസിപ്പാലിറ്റി ലവലിലും വരുന്നതാണ് ഈ അർബൻ ഏരിയാ എന്നു പറയുന്നത്.

ശ്രീ. കെ. ചന്ദ്രശേഖരൻ : കെയർ ഇവിടെ ഭക്ഷണം കൊടുക്കുന്നുവെന്നു പറഞ്ഞു. പല സ്ഥലങ്ങളിലും കെയർ ഇപ്പോൾ ഭക്ഷണം നിറുത്തിയിട്ടുണ്ട് എന്നുള്ളത് മനസ്സിലാക്കിയിട്ടുണ്ടോ ? ഈ സ്ഥലങ്ങളിൽ എല്ലാം തന്നെ ഭക്ഷണം കൊടുക്കുന്നതിനാവശ്യമായ നടപടി ഗവൺമെന്റിൽ നിന്നും ഉണ്ടാകുമോ ?

ശ്രീമതി എം. കമലം : കെയർ കൊടുക്കുന്ന ഭക്ഷണ സാധങ്ങൾ നിറുത്തലാക്കുന്നതിനുള്ള തീരുമാനം അവർ എടുത്തിട്ടുണ്ട്. അതു കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ഐ. സി. ഡി. എസിൽ ഒരിടത്തും ഭക്ഷണം മുടങ്ങുകയില്ല. വേൾഡ് ഫുഡ് പ്രോഗ്രാം അനുസരിച്ച് ഭക്ഷണം 6 കൊടുക്കാമെന്ന് സമ്മതിച്ചിട്ടുണ്ട്. അതിന് ബ്രേക്ക് വരികയില്ല.

ശ്രീ. കെ. പി. പ്രഭാകരൻ : അംഗനവാടി കുട്ടികൾക്ക് കഞ്ഞിയും പയറും വച്ചുകൊടുക്കുന്നതിനുള്ള വിറകിന് അനുവദിച്ചിട്ടുള്ള സംഖ്യ വളരെ തുച്ഛമാണ്. അതുപോലെ അതാതു മാസം കിട്ടുന്നില്ല. അതിന്റെ ഫലമായി തുച്ഛമായി ശമ്പളം കിട്ടുന്ന വർക്കർമാരുടെ ശമ്പളത്തിൽനിന്നും പണം ചെലവാക്കിയാണ് ഇത് വച്ചു കൊടുക്കുന്നതെന്നുള്ള കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഈ സാഹചര്യത്തിൽ അതു വർദ്ധിപ്പിച്ചുകൊടുക്കാൻ നടപടി സ്വീകരിക്കുമോ ?

ശ്രീമതി എം. കമലം : ഈ ആക്ഷേപം ഗവൺമെന്റിന്റെ മുൻപാകെ പല മെംബർമാരും ഉന്നയിച്ചിട്ടുണ്ട്. ഇതിനുവേണ്ടി തുച്ഛമായ സംഖ്യയാണ് കൊടുക്കുന്നതെന്ന്, ഗവൺമെന്റിനറിയാം. ഇത് സംബന്ധിച്ച് പര്യാലോചിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly